"ഭരണഭാഷ-മാതൃ ഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

ജലവിഭവ വകുപ്പ് - ഇറിഗേഷൻ വകുപ്പിന് കീഴിൽ ഇറിഗേഷൻ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് രൂപരേഖ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ജലവിഭവ (എം.പി) വകുപ്പ്**

സ.ഉ.(കൈ) നം. 53/2023/ജവിവ തീയതി, തിരുവനന്തപുരം, 19-09-2023

---

**<u>ഉത്തരവ്</u>**

ഇറിഗേഷൻ ടൂറിസം പദ്ധതി ജലവിഭവ വകുപ്പിന് കീഴിൽ നടപ്പിലാക്കുന്നതിലേയ്ക്കായി ചുവടെ ചേർക്കുന്ന തത്വങ്ങളും മാനദണ്ഡങ്ങളും ഉൾപ്പെടുത്തി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ടൂറിസം കേന്ദ്രങ്ങളും അതോടൊപ്പം പ്രസ്തുത ടൂറിസത്തിന് സഹായകമാകുന്ന മറ്റ് സേവനങ്ങളും ഏറ്റവും കാര്യക്ഷമമായി നൽകുക എന്നുള്ളതും അതോടൊപ്പം വകുപ്പിന് ഉചിതമായ വരുമാനം ലഭ്യമാക്കുന്നതിനും പ്രസ്തുത തുക വകുപ്പിന്റെ ആസ്തികളുടെ മെയിന്റനൻസിനും സൗന്ദര്യവത്കരണത്തിനും ഉപയോഗിക്കുക എന്നതാണ് പ്രധാന ഉദ്ദേശം.

1) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റു സർക്കാർ ഏജൻസികൾ, പ്രൈവറ്റ് സ്ഥാപനങ്ങൾ, വ്യക്തികൾ, സൊസൈറ്റികൾ എന്നിങ്ങനെയുള്ള വിഭാഗത്തിൽ നിന്നും ആർക്കുവേണമെങ്കിലും ഇതിൽ പങ്കാളിയാകാം.

2) എല്ലാ പ്രോജക്ടുകളുടെയും ചാർജ്ജുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയിരിക്കും ആ പ്രദേശം സംബന്ധിച്ചുള്ള ഇറിഗേഷൻ ടൂറിസം നോഡൽ ഓഫീസർ. ടിയാന് ഇതിനായി മറ്റ് ഉദ്യോഗസ്ഥരുടെയും സേവനം തേടാവുന്നതാണ്.

3) ഇറിഗേഷൻ വകുപ്പ് കണ്ടെത്തുന്നതോ അല്ലെങ്കിൽ മേൽസൂചിപ്പിച്ച ഏജൻസികൾ കണ്ടെത്തുന്നതോ ആയ ഇറിഗേഷൻ വകുപ്പിന്റെ ഡാമുകൾ, ആസ്തികൾ, മറ്റ് പ്രദേശങ്ങൾ എന്നിവ അവയുടെ ടൂറിസം സാധ്യത കണക്കിലെടുത്ത് പദ്ധതിക്കായി ഉപയോഗിക്കാവുന്നതാണ്.

4) ഓരോ ടൂറിസം ഡെസ്റ്റിനേഷനും യോജിച്ച രീതിയിലുള്ള നടത്തിപ്പ് സംവിധാനമാണ് രൂപീകരിക്കേണ്ടത്. പാർട്ണർഷിപ്പോ, പ്രൈവറ്റ് ലിമി റ്റഡ് കമ്പനിയോ, സഹകരണ സൊസൈറ്റി, സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്കോ, വ്യക്തികൾക്കോ ഇത്തരം നടത്തിപ്പ് സംവിധാനം രൂപീകരിക്കാവുന്നതാണ്.

5) നടത്തിപ്പ് സംവിധാനത്തിന്റെ മേൽനോട്ടം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ആയിരിക്കും.

6) ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾക്കനുസരിച്ചാണ് അവിടുത്തെ ടൂറിസം പദ്ധതിയും അനുബന്ധ സൗകര്യങ്ങളും താൽക്കാലിക നിർമ്മാണങ്ങളും മറ്റ് സൗകര്യങ്ങളും ഒരുക്കേണ്ടത്. ഇവ നിലവിലുള്ള എല്ലാ നിയമങ്ങളും പാലിക്കേണ്ടതാണ്.

7) എല്ലാ ഇറിഗേഷൻ ടൂറിസം പ്രദേശങ്ങളും ഏകദേശം ഒരേ തരത്തിലും, മാതൃകയിലുമുള്ള സിഗ്നേച്ചർ സൗകര്യ ശൃംഖല ഒരുക്കുകയാണ് പ്രധാന ഉദ്ദേശം. അതിനായി വളരെ സൃഷ്ടിപരമായ കണ്ടുപിടിത്തങ്ങളും ഏറ്റവും ചെലവുകുറഞ്ഞതും എന്നാൽ പ്രകൃതിക്ക് കോട്ടം തട്ടാത്തതും പരിസ്ഥിതി സൗഹൃദവും പുതുമയും, വൃത്തിയുമുള്ള സൗകര്യങ്ങൾ ലഭിക്കുന്ന രീതിയിലുമായിരിക്കണം പദ്ധതി ക്രമപ്പെടുത്തേണ്ടത്. പാഴ് വസ്തുക്കൾ, മറ്റ് മാലിന്യങ്ങൾ എന്നിവ പ്രകൃതിക്ക് അനുയോജ്യമായ രീതിയിൽ പരിപാലിക്കേണ്ടതും നിർമ്മാർജ്ജനം ചെയ്യേണ്ടതും അത്യാവശ്യമാണ്.

8) ഓരോ ഇറിഗേഷൻ ടൂറിസം ഡെസ്റ്റിനേഷനിൽ നിന്നുമുള്ള വരുമാനത്തിന്റെ വിഭജനം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ സർക്കാർ അനുമതിയോടെ തീരുമാനിക്കും. ഇതിൽ ടിയാന് ഏതു സമയത്തും സർക്കാരിന്റെ ഉപദേശവും തേടാവുന്നതാണ്. വകുപ്പിന് ലഭിക്കുന്ന വരുമാനം ഇതിനായി തുറക്കുന്ന പ്രത്യേക ദേശസാൽകൃത ബാങ്ക് അക്കൗണ്ടും സൂക്ഷിക്കേണ്ടതും എക്സിക്യൂട്ടീവ് എഞ്ചിനീയർ, ടിയാൻ നിശ്ചയിക്കുന്ന മറ്റൊരു ഉചിത ഉദ്യോഗസ്ഥൻ എന്നിവരുടെ ജോയിന്റ് കയ്യൊപ്പുകളോടെ ആയിരിക്കും ഇതിൽ നിന്നുള്ള ഉപയോഗം നടക്കുന്നത്.

9) ഏറ്റവും ക്രിയാത്മകവും ആകർഷകവും എന്നാൽ പ്രകൃതിക്ക് യോജിച്ചതുമായ സൃഷ്ടികൾക്കായിരിക്കും മുൻഗണന.

10) ഓരോ ഇറിഗേഷൻ ഡെസ്റ്റിനേഷനിലും പദ്ധതി നടത്തിപ്പിന് ടെണ്ടർ അല്ലെങ്കിൽ ക്വട്ടേഷൻ പ്രസിദ്ധപ്പെടുത്തും. ആയത് ആ പ്രദേശത്തെ സൗകര്യങ്ങളും ആവശ്യകതയും ടൂറിസം വികസനത്തിനുള്ള സാധ്യതയും കണക്കിലെടുത്ത് അപേക്ഷകർക്ക് സമർപ്പിക്കാവുന്നതാണ്. ഇക്കാര്യത്തിന്റെ ആദ്യ വിശകലനം എക്സിക്യൂട്ടീവ് എഞ്ചിനീയർ നടത്തുന്നതും ഇത് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, Kerala Irrigation Infrastructure Development Corporation, തിരുവനന്തപുരം അഭിപ്രായ സഹിതം സർക്കാരിലേക്ക് സമർപ്പിക്കേണ്ടതും സർക്കാർ ഓരോ കേസിലും പ്രസ്തുത നടത്തിപ്പ് രീതിയുടെ സൃഷ്ടിപരമായും നവീനമായും കാലിക പ്രസക്തിയോടെയുമുള്ള പുതുമകൾ കണ്ടെത്തി അവയ്ക്ക് അനുമതി നൽകേണ്ടതുമാണ്.

11) സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരിൽ നിന്നും താഴെ പറയുന്ന അടിസ്ഥാന വിവരങ്ങൾ ഉൾക്കൊള്ളുന്ന വിശദമായ പ്രോജക്റ്റ് പ്രൊപ്പോസൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, Kerala Irrigation Infrastructure Development Corporation, തിരുവനന്തപുരം വാങ്ങേണ്ടതാണ്.

1. സംരംഭത്തിന്റെ വിവിധ വശങ്ങൾ, വിശദ വിവരങ്ങൾ, ഒരുക്കുന്ന സൗകര്യങ്ങൾ, ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ, ടൂറിസ്റ്റുകൾക്ക് നൽകുന്നസേവനങ്ങൾ എന്നിവ.
2. പ്രസ്തുത സേവനങ്ങൾക്ക് ഈടാക്കാൻ ഉദ്ദേശിക്കുന്ന ചാർജ്ജ് അതിന്റെ നടത്തിപ്പ് രീതിയും.
3. പ്രകൃതി സൗഹൃദമാക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രവൃത്തികൾ.
4. വേസ്റ്റ് മാനേജ്മെന്റ് സംബന്ധിച്ച വിശദ വിവരങ്ങൾ.
5. ഡിപ്പാർട്ട്മെന്റുമായി വരുമാനം പങ്കിടുന്നതിനുള്ള പദ്ധതി.
6. എത്ര സന്ദർശകർക്ക് തൃപ്തികരമായ സേവനങ്ങളും സൗകര്യങ്ങളും ഒരുക്കാൻ കഴിയും എന്നതിന്റെ വിശദ വിവരം.
7. ഇറിഗേഷൻ ടൂറിസത്തിന്റെ കോമൺ ബ്രാന്റിംഗുമായി ഒത്തു ചേരുന്നതിനുള്ള പ്രവർത്തന ലക്ഷ്യം, അതിന്റെ വിവരണം.
8. അനുവദിച്ചിരിക്കുന്ന കാലാവധി പൂർത്തിയാകും മുൻപ് പദ്ധതി നിർത്തേണ്ടിവന്നാൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1) എല്ലാ സംരംഭങ്ങളുടെയും നടത്തിപ്പ് നിലവിലുള്ളതും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കണം.

2) കലാപരമായും, സൃഷ്ടിപരമായും ഏറ്റവും മികച്ച രീതിയിലുള്ള സംരംഭ പ്രവൃത്തിയാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്നതിനാൽ ഇത് ഒരു സാധാരണ ക്വട്ടേഷൻ അല്ലെങ്കിൽ ടെണ്ടർ പ്രകാരമുള്ള നടപടിക്രമങ്ങൾ ആയിരിക്കില്ല സംരംഭക തെരഞ്ഞെടുപ്പിൽ ഉൾപ്പെടുന്നത്.

3) സർക്കാർ തെരഞ്ഞെടുക്കുന്ന സംരംഭകൻ വകുപ്പുമായി ഉചിതമായ സമ്മതപത്രം ഒപ്പിടേണ്ടതും അതനുസരിച്ച് കൃത്യമായി പ്രവർത്തനം നടത്തേണ്ടതുമാണ്.

4) പദ്ധതി നടത്തിപ്പിലെ തർക്കങ്ങളും പരസ്പര സമ്മതമില്ലാത്ത വിഷയങ്ങളും ആദ്യപടി എന്ന നിലയിൽ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ തീർപ്പാക്കുന്നതും അതിനു കഴിഞ്ഞില്ലെങ്കിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, Kerala Irrigation Infrastructure Development Corporation, തിരുവനന്തപുരം-യിലൂടെ ഇതിനായുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHOK KUMAR SINGH I A S
SECRETARY

പകർപ്പ്

മാനേജിംഗ് ഡയറക്ടർ, കേരള ജലഅതോറിറ്റി, തിരുവനന്തപുരം
ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ , പദ്ധതി വിഭാഗം- 1, കോഴിക്കോട്.
ചീഫ് എഞ്ചിനീയർ , പദ്ധതി വിഭാഗം- II, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ (IDRB) തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, (കുട്ടനാട് പാക്കേജ് ഇൻലാന്റ് നാവിഗേഷൻ), ആലപ്പുഴ
ചീഫ് എഞ്ചിനീയർ മെക്കാനിക്കൽ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ, തിരുവനന്തപുരം.
വിനോദ സഞ്ചാര വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂമീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി. (ഫയൽ നമ്പർ എം.പി3/97/2023-ജവിവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്